# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 880 — 12.12.2012 - ൽ മറുപടിക്ക്

## ആലപ്പുഴയിലെ യുഡിസ്മാറ്റ് പദ്ധതി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) യുഡിസ്മാറ്റ് പദ്ധതി പ്രകാരമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് തീരദേശ റോഡ് വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യുഡിസ്മാറ്റ് പദ്ധതി പ്രകാരമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് തീരദേശ റോഡ് വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ മാസങ്ങൾ കഴിഞ്ഞിട്ടും റോഡ് പുനർനിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) കക്കാഴം മുതൽ വലിയകുളം വരെ സ്ഥാപിക്കേണ്ട 800 എംഎം വ്യാസമുള്ള എം.എസ് പൈപ്പുകൾ 8 കി.മീ പി.ഡബ്ല്യുഡി റോഡിലൂടെയും, ബാക്കി മുൻസിപ്പൽ റോഡിലൂടെയുമാണ് സ്ഥാപിക്കേണ്ടത്. 20.08.2011-ൽ കരാർ ഒപ്പിട്ടുവെങ്കിലും പ്രസ്തുത റോഡിലൂടെ പൈപ്പുകൾ സ്ഥാപിക്കുവാനുള്ള അനുമതി വൈകിയാണ് ലഭിച്ചത്. മുൻസിപ്പൽ അനുമതി 04/2012 ലും. പി.ഡബ്ല്യു.ഡി അനുമതി 18.10.2012-ലുമാണ് ലഭിച്ചത്.<br>ഇരുമ്പു പൈപ്പുകൾ കുഴിയിൽ ഇറക്കിയശേഷം വെൽഡ് ചെയ്താണ് കൂട്ടി യോജിപ്പിക്കുന്നത്. ഭൂമിയിലെ ജലനിരപ്പ് ഉയർന്നു നില്ക്കുന്നതിനാൽ വെൽഡിംഗ് ജോലികൾ ഗുണനിലവാരത്തിൽ ചെയ്യുവാൻ താമസം നേരിടുന്നുണ്ട്. ഇത് പണിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചതിനാൽ ജലം നിറച്ച് മർദ്ദ പരീക്ഷണം നടത്തുവാൻ കൂടുതൽ സമയം വേണ്ടിവന്നു. |
| (സി) വെട്ടിപ്പൊളിക്കുന്ന റോഡ് പുനർ നിർമ്മിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) പി.ഡബ്ല്യു.ഡി റോഡിന്റെ പുനർ നിർമ്മാണത്തിനായി വേണ്ടി വരുന്ന 2.87 കോടി രൂപയിൽ ലഭ്യമായ 88.74 ലക്ഷം രൂപ കൈമാറിക്കഴിഞ്ഞു. മുനിസിപ്പൽ റോഡ് പുനർ നിർമ്മിക്കാൻ വേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ എ.ആർ.പി തുക മുനിസിപ്പാലിറ്റിക്കും കൈമാറിയിട്ടുണ്ട്. പണി പൂർത്തിയായ ഭാഗത്തെ റോഡ് പുനർ നിർമ്മിക്കാനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2007 -ൽ അനുമതി ലഭിച്ച് 2011-ൽ പൂർത്തീകരിക്കേണ്ട പ്രസ്തുത പദ്ധതി നീണ്ടുപോകാനുണ്ടായ കാരണം വ്യക്തമാക്കുമോ? | (ഡി) | 2007-ലും 2008-ലും ആണ് ഈ പദ്ധതിയുടെ ഭരണാനുമതി ലഭിച്ചത്. കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ ശുദ്ധീകരണശാല, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ (5 പാക്കേജ്) എന്നീ പ്രവൃത്തികളുടെ ദർഘാസുകൾ 2008ലും 2009-ലുമായി ക്ഷണിച്ചിരുന്നു. ഈ ടെണ്ടറുകളിൽ റോ വാട്ടർ പമ്പിംഗ് മെയിൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളുടെയും ലഭിച്ച ദർഘാസുകൾ TAG ന്റെ അംഗീകാരത്തോടെ ആലപ്പുഴ മുനിസിപ്പൽ കൗൺസിൽ, നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി വഴി എംപവേഡ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൽ 62 എംഎൽഡി ശുദ്ധീകരണശാലയുടെ അംഗീകാരം ലഭിക്കുകയും, പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സമർപ്പിച്ച ബാക്കി പ്രവൃത്തികളുടെ ദർഘാസിന്റെ അംഗീകാരം 2011 അവസാനത്തോടുകൂടി ലഭിക്കുകയും, എല്ലാ പ്രവൃത്തിയും നല്ല വേഗത്തിൽ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.<br>റോ വാട്ടർ പമ്പിംഗ് മെയിൻ ടെണ്ടർ ചെയ്തപ്പോഴും, റീ ടെണ്ടർ ചെയ്തപ്പോഴും, IVRCL എന്ന സ്ഥാപനം മാത്രമാണ് സാങ്കേതികമായി യോഗ്യത നേടിയത്. അവർ ക്വോട്ട് ചെയ്ത റേറ്റ് വളരെ കൂടുതലായതിനാലും, മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനുമായി എംപവേഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 3 റീച്ചുകളായി വിഭജിച്ച് ദർഘാസുകൾ ക്ഷണിച്ചിരുന്നു. അതിൽ റീച്ച് 1 ന്റെ ദർഘാസ് അംഗീകരിച്ച് പണി തുടങ്ങുകയും ചെയ്തു. ബാക്കി രണ്ട് ദർഘാസുകൾ (റീച്ച് 2 & 3) അംഗീകാരം നൽകണമെങ്കിൽ ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒരു കോൺട്രാക്ടർ സമർപ്പിച്ച കേസിന്റെ അന്തിമ തീരുമാനം വരണം.<br>മേൽ പ്രസ്താവിച്ച കാരണങ്ങളാണ് ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം നീണ്ടുപോകുവാനുള്ള കാരണം. |

സെക്ഷൻ ഓഫീസർ